# നബി ﷺ യുടെ മൗലീദ് ആഘോഷിക്കുന്നതിന്റെ വിധി

ശൈഖ് അബ്ദുറസാഖ് ബ്നു അബ്ദുൽ മുഹ്സിൻ അൽ അബ്ബാദ് അൽ ബദർ حفظه الله

( മസ്ജിദുന്നബവിയിലെ മുദര്രിസ് )

വിവ : അബൂ അബ്ദില്ലാഹ്

بسم الله الرحمن الرحيم

الحمد لله حمدا كثيرا طيبا مباركا فيه كما يحب ربنا ويرضى , واشهد أن لا اله الا الله وحده لا شريك له وأشهد ان محمدا عبده ورسوله صلى الله عليه وسلم , وعلى آله وصحبه أجمعين, أما بعد:

അല്ലാഹു ﷻ അവന്റെ അടിമകൾക്ക് നൽകിയ അനുഗ്രഹങ്ങൾ എണ്ണി തിട്ടപ്പെടുത്താൻ കഴിയാത്തത്രയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഏറ്റവും വലിയ അനുഗ്രഹമാണ് അവൻ ഈ ഉമ്മത്തിലേക്ക് സത്യവും സന്മാർഗ്ഗവുമായി ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് അവരെ പുറത്ത് കൊണ്ടുവരാൻ വേണ്ടി അവന്റെ റസൂലിനെ അവൻ അയച്ചു എന്നത്. ആ റസൂലിനെ എല്ലാ സൃഷ്ടികളെക്കാളും സ്നേഹിക്കണമെന്ന് അവൻ നിർബന്ധമാക്കി.

നബി ﷺ പറഞ്ഞു:

لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ[1]

“സ്വന്തം ഉപ്പയെക്കാളും സന്താനത്തെക്കാളും എല്ലാവരെക്കാളും ഞാൻ പ്രിയപ്പെട്ടവനാകുന്നതു വരെ ഒരാളും മുഅ്മിനാവുകയില്ല.”

റസൂലിനെ സ്നേഹിക്കേണ്ടത് റസൂലിനെ പിൻപറ്റിക്കൊണ്ടും റസൂലിന്റെ മാർഗ്ഗം സ്വീകരിച്ചുകൊണ്ടുമാണ്.

അല്ലാഹു ﷻ പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾ آل عمران: ٣١

1. ബുഖാരി, മുസ്‌ലിം

“(നബിയേ) പറയുക : നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക, എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമത്രേ” ( ആലു ഇംറാൻ : 31 )

عَنْ جَابِرِ بْنِ عَبْدِ اللَّهِ رَضِيَ اللّه عَنْهُ قَالَ :

كَانَ رَسُولُ اللَّهِ صلى الله عليه وسلم إِذَا خَطَبَ احْمَرَّتْ عَيْنَاهُ وَعَلاَ صَوْتُهُ وَاشْتَدَّ غَضَبُهُ حَتَّى كَأَنَّهُ مُنْذِرُ جَيْشٍ يَقُولُ " صَبَّحَكُمْ وَمَسَّاكُمْ " ...... وَيَقُولُ " أَمَّا بَعْدُ فَإِنَّ خَيْرَ الْحَدِيثِ كِتَابُ اللَّهِ وَخَيْرُ الْهُدَى هُدَى مُحَمَّدٍ وَشَرُّ الأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ ضَلاَلَةٌ " [٢].

ജാബിർ ﷠ പറയുന്നു :

“നബി ﷺ ഖുതുബ നിർവ്വഹിക്കുമ്പോൾ അവിടുത്തെ കണ്ണുകൾ ചുവക്കും, ശബ്ദം ഉയരും, കോപം ശക്തമാകും അവിടുന്ന് , ശത്രു നിങ്ങളെ രാവിലെ ആക്രമിക്കും ശത്രു നിങ്ങളെ വൈകുന്നേരം ആക്രമിക്കും എന്നിങ്ങനെ പറഞ്ഞുകൊണ്ട് ഒരു സൈന്യത്തെ താക്കീത് ചെയ്യുന്നവനെ പോലെയായിരിക്കും. അവിടുന്നു പറയും : ...ഏറ്റവും നല്ല സംസാരം അല്ലാഹുവിന്റെ കിതാബാണ്. ഏറ്റവും നല്ല മാർഗ്ഗം റസൂലിന്റെ മാർഗ്ഗമാണ്. ഏറ്റവും മോശപ്പെട്ട കാര്യങ്ങൾ പുതുനിർമ്മിതികളാണ്. എല്ലാ ബിദ്അത്തും വഴികേടിലാണ്.”

عَنِ الْعِرْبَاضِ بْنِ سَارِيَةَ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللَّهِ صلى الله عليه و سلم: إِنَّهُ مَنْ يَعِشْ مِنْكُمْ فَسَيَرَى اخْتِلَافًا كَثِيرًا، فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ

2. മുസ്ലിം

الرَّاشِدِينَ الْمَهْدِيينَ، تَمَسَّكُوا بِهَا، عَضُّوا عَلَيْهَا بِالنَّوَاجِذِ، وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ، فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ." [٣]

ഇർബാള് ബ്നു സാരിയ ﷺ ൽ നിന്ന് നിവേദനം :

"നബി ﷺ പറഞ്ഞു : എനിക്ക് ശേഷം നിങ്ങളാരെങ്കിലും ജീവിക്കുകയാണെങ്കിൽ അവന് ഒരുപാട് അഭിപ്രായ വ്യത്യാസങ്ങൾ കാണാൻ കഴിയും. അപ്പോൾ എന്റെയും സന്മാർഗ്ഗത്തിലുള്ള ഖുലഫാഉറാഷിദുകളുടെയും മാർഗ്ഗം നിങ്ങൾ മുറുകെ പിടിക്കുക. അണപ്പല്ലു കൊണ്ടത് കടിച്ചു പിടിക്കുക. പുത്തൻ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. എല്ലാ പുതു നിർമ്മിതികളും ബിദ്അത്താണ്. എല്ലാ ബിദ്അത്തും വഴികേടിലാണ്. "

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا، قَالَتْ: قَالَ: رَسُولُ اللَّهِ صلى الله عليه و سلم "مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ " [٤]

ആയിശ رضي الله عنها യിൽ നിന്ന് നിവേദനം :

"നബി ﷺ പറഞ്ഞു : നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്."

وَفِي رِوَايَةٍ : " مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ " [٥]

മറ്റൊരു റിപ്പോർട്ടിൽ : "നമ്മുടെ കൽപനയില്ലാത്തൊരു കാര്യം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്."

ആയിശ رضي الله عنها യുടെ ഈ ഹദീസ് ഇസ്‌ലാമിലെ മഹത്തായ ഒരു അടിസ്ഥാന നിയമമാണ്. ഇത് നബിയുടെ ജവാമിഉൽ കലിമിൽ[6] പെട്ടതാണ്.

---

3. അബൂദാവൂദ്, ഇബ്നു മാജ, തിർമിദി, ശൈഖ് അൽബാനി رحمه الله സ്വഹീഹാണെന്ന് വിധിച്ചു.
4. ബുഖാരി, മുസ്‌ലിം
5. മുസ്‌ലിം

ഇത് എല്ലാ ബിദ്അത്തുകളെയും പുതുനിർമ്മിതികളെയും വ്യക്തമായി തള്ളിക്കളയുന്നു.

എല്ലാ ബിദ്അത്തും വഴികേടാണെന്ന നബി ﷺ യുടെ വ്യക്തമായ വചനമുണ്ടായിട്ടു കൂടി ബിദ്അത്തുകളിൽ നല്ല ബിദ്അത്തുണ്ട് എന്ന് വാദിക്കുന്നവരുണ്ട്.

وَكُلُّ بِدْعَةٍ ضَلَالَةٌ ٧

"എല്ലാ ബിദ്അത്തും വഴികേടിലാണ്."

എന്ന നബിവചനം ഈ വാദത്തെ തള്ളിക്കളയുന്നു. ബിദ്അത്തുകളിൽ നല്ലതായി വല്ലതുമുണ്ട് എന്നു പറയുന്നവൻ യഥാർത്ഥത്തിൽ ശരീഅത്ത് വിട്ടുപോയത് അവൻ കണ്ടെത്തി എന്നാണ് വാദിക്കുന്നത്.

ഇമാം മാലിക് رحمه الله ഈ വാദത്തെ നന്നായി ഖണ്ഡിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു :

"ആരെങ്കിലും ഇസ്‌ലാമിൽ പുതുതായി വല്ല ബിദ്അത്തും കൊണ്ടു വരികയും അത് നല്ലതായി കാണുകയും ചെയ്താൽ, നബി ﷺ തന്റെ രിസാലത്താകുന്ന ദൗത്യത്തിൽ വഞ്ചന കാണിച്ചു എന്നാണവൻ വാദിക്കുന്നത്."

കാരണം അല്ലാഹു പറയുന്നു :

"ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ ദീൻ ഞാൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു."
(മാഇദ : 3 )

അപ്പോൾ അന്നേദിവസം എന്ത് ദീനല്ലയോ അത് ഇന്നും ദീനല്ല.[8]

ഉമർ رضي الله عنه "എത്ര നല്ല ബിദ്അത്ത്"[9] എന്നത് കൊണ്ടുദ്ദേശിച്ചത് ഭാഷാപരമായ ബിദ്അത്താണ്, മതപരമായ ബിദ്അത്തല്ല. മതപരമായ അടിസ്ഥാനമുള്ള

---

6. ഒരു പാട് ആശയമടങ്ങുന്ന ചുരുങ്ങിയ വാചകം., നബി ﷺ ക്ക് നൽകപ്പെട്ട പ്രത്യേകതയാണത്. അബൂഹുറൈറ رضي الله عنه ഉദ്ധരിക്കുന്ന ഹദീസിൽ റസൂൽ ﷺ പറഞ്ഞു : "എനിക്ക് ജവാമിഉൽ കലിം നൽകപ്പെട്ടിരിക്കുന്നു." (മുസ്‌ലിം)
7. മുസ്‌ലിം.
8. ഇബ്നു ഹസം തന്റെ അൽ ഇഹ്ക്കാം ഫീ ഉസൂസിൽ അഹ്ക്കാം എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു.

(തറാവീഹ് ജമാഅത്തായി നമസ്കരിക്കുക പോലുള്ള) കാര്യങ്ങൾ ആ അടിസ്ഥാനത്തിലേക്ക് മടക്കപ്പെടും.

അതും ബിദ്അത്തല്ലേ എന്ന് ചോദിച്ചാൽ ; ഭാഷാപരമായ ബിദ്അത്ത് മാത്രമാണ്. കാരണം തറാവീഹ് അദ്ദേഹം സ്വന്തമായി ഉണ്ടാക്കിയതല്ല. മറിച്ച് അത് സംഘമായി നിർവ്വഹിക്കുക എന്ന സുന്നത്തിനെ ജീവിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ബിദ്അത്താകട്ടെ മതത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത കാര്യങ്ങളാണ്.

ഇത്തരം ബിദ്അത്തുകളിൽ പെട്ടതാണ് റബീഉൽ അവ്വലിൽ ചിലർ പുതുതായി ഉണ്ടാക്കിയ, നബി ﷺ യുടെ മൗലീദ് ആഘോഷം. റബീഉൽ അവ്വൽ 12 ന് അവർ ഒരുമിച്ച് കൂടുകയും പുതിയ രീതിയിലുള്ള സ്വലാത്തുകൾ കൊണ്ട് അവർ സ്വലാത്ത് ചൊല്ലുകയും അതിര് കവിഞ്ഞ് നബി ﷺ യെ പുകഴ്ത്തുകയും ചെയ്യുന്നു. അതിര് കവിഞ്ഞ് പുകഴ്ത്തുക എന്നത് നബി ﷺ തന്നെ വിലക്കിയിട്ടുണ്ട്. ചിലപ്പോൾ അവർ ഭക്ഷണമുണ്ടാക്കുകയും ഉറക്കമൊഴിക്കുകയും പണവും സമയവും പാഴാക്കുകയും അല്ലാഹുവോ റസൂലോ ദീനായി പഠിപ്പിക്കാത്ത നാല് ഖലീഫമാരോ സ്വഹാബത്തോ ശ്രേഷ്ടമായ മൂന്ന് നൂറ്റാണ്ടിലെ മുസ്‌ലിംകളോ നന്മയിൽ അവരെ പിൻതുടർന്നവരോ ചെയ്യാത്ത കാര്യങ്ങൾ ചെയ്തുകൊണ്ട് അവർ ശരീരത്തെ ക്ഷീണിപ്പിക്കുന്നു. ഇത് നന്മയായിരുന്നെങ്കിൽ നമുക്ക് മുമ്പ് അവരത് ചെയ്യുമായിരുന്നു. മറിച്ചിത് ബിദ്അത്താണ്. ഹിജ്റ നാലാം നൂറ്റാണ്ടിലെ ഉബൈദികളാണ് ഇത് ആദ്യമായി തുടങ്ങിയത്. അവരാകട്ടെ ബാത്വിനികളായ റാഫിളികളാണ്. അവരെ കുറിച്ചാണ് ബാകില്ലാനി പറഞ്ഞത് :

"അവർ റാഫിളിയത്ത് പുറത്ത് പ്രകടിപ്പിക്കുകയും തനിച്ച കുഫ്ർ ഉള്ളിൽ കൊണ്ട് നടക്കുകയും ചെയ്യുന്ന വിഭാഗമാണ്."[10]

ഇത് കൊണ്ട് നടക്കുന്നവരധികവും ഇതിനെ നബിയോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും ബഹുമാനത്തിന്റെയും ഭാഗമായാണ് കാണുന്നത്. ഇത് ശരിയല്ല. കാരണം നബിയെ സ്നേഹിക്കേണ്ടതോ ആദരിക്കേണ്ടതോ ബഹുമാനിക്കേണ്ടതോ നബിചര്യക്ക് എതിര് ചെയ്തു

---

9. തറാവീഹ് നമസ്കാരം പള്ളിയിൽ ജമാഅത്തായി നമസ്കരിക്കുന്നത് ഫർളാക്കപ്പെടുമോ എന്ന് ഭയന്ന് മൂന്ന് ദിവസത്തിനു ശേഷം നബി ﷺ ഉപേക്ഷിച്ചു. ശേഷം ഉമർ رضي الله عنه വിന്റെ ഭരണകാലത്ത് ഉബയ്യ് ബ്നു കഅബ് رضي الله عنه ന്റെ നേതൃത്വത്തിൽ പുനരാരംഭിച്ചപ്പോൾ ഉമർ رضي الله عنه പറഞ്ഞ വാചകമാണിത്.
10. ഇബ്നു കസീർ رحمه الله തന്റെ 'അൽ ബിദായ വന്നിഹായ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു. 15/539

കൊണ്ടല്ല. അല്ലാഹു ഈ ഉമ്മത്തിന് പൂർത്തിയാക്കിത്തന്ന ദീനിൽ ബിദ്അത്ത് ഉണ്ടാക്കിക്കൊണ്ടുമല്ല.

നബി ﷺ പറഞ്ഞു : "തന്റെ ദേഹേഛ ഞാൻ കൊണ്ടു വന്നതിനെ
പിന്തുടരുന്നതു വരെ നിങ്ങളിൽ ഒരാളും മുഅ്മിനാവുകയില്ല"[11]

ഇതാണ് അൻസ്വാറുകളുടെയും മുഹാജിറുകളുടെയും അവരുടെ നന്മയിൽ പിൻപറ്റുന്നവരുടെയും മാർഗ്ഗം. നബി ﷺ യെ ഏറ്റവും അധികം സ്നേഹിക്കുന്നവരും ആദരിക്കുന്നവരുമാണ് സ്വഹാബത്ത്. ശേഷം വന്നവരേക്കാൾ നന്മയുടെ കാര്യത്തിൽ അതിയായ താൽപര്യമുള്ളവരാണ് അവർ. എന്നിരിക്കെ അവർ മൗലീദ് കൊണ്ടാടുകയോ അതിനെ ആഘോഷമാക്കുകയോ ചെയ്തിരുന്നില്ല. മൗലീദ് കൊണ്ടാടുന്നതിൽ അൽപമെങ്കിലും റസൂലിനോടുള്ള സ്നേഹമുണ്ടായിരുന്നെങ്കിൽ സ്വഹാബത്താകുമായിരുന്നു അതിൽ കൂടുതൽ താൽപര്യം കാണിക്കുന്നവരും അത് ആദ്യം ചെയ്യുന്നവരും.

അതു കൊണ്ട് നമുക്കീ പൂർവ്വീകരുടെ മാർഗ്ഗം മതി!

ഇബ്നു ഉമർ رضي الله عنه പറയുന്നു : "ആരെങ്കിലും ആരുടെയെങ്കിലും മാർഗ്ഗം സ്വീകരിക്കുന്നുണ്ടെങ്കിൽ മരിച്ചുപോയ റസൂലിന്റെ സ്വഹാബിമാരുടെ മാർഗ്ഗം സ്വീകരിക്കട്ടെ. അവരാണ് ഈ ഉമ്മത്തിലെ ഏറ്റവും ഉത്തമർ. ഏറ്റവും നന്മയുള്ള ഹൃദയമുള്ളവർ. ഏറ്റവും അഗാധമായ പാണ്ഡിത്ത്യമുള്ളവർ. നാട്യങ്ങളും ജാട്യങ്ങളും ഇല്ലാത്തവർ. അവരെയാണ് അല്ലാഹു سبحانه وتعالى തന്റെ നബിയോടുള്ള സഹവാസത്തിനും ദീനിനെ കൈമാറാനും വേണ്ടി

---

11. ഇബ്നു ആസിം തന്റെ 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു. ശൈഖ് അൽബാനി رحمه الله ഈ ഹദീസ് ദുർബലമാണെന്ന് വിധിച്ചിട്ടുണ്ട്. പക്ഷേ ഇതിന്റെ ആശയം ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ശരിയാണ്.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا
قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾ النساء: ٦٥

"ഇല്ല, നിന്റെ റബ്ബിനെ തന്നെയാണ് സത്യം ; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെ പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല." (നിസാഅ് : 65)

തെരെഞ്ഞെടുത്തത്. അതു കൊണ്ട് അവരുടെ മാർഗ്ഗത്തോടും സ്വഭാവത്തോടും നിങ്ങൾ സാദൃശ്യപ്പെടുക. അവർ, മുഹമ്മദ് നബിയുടെ സ്വഹാബത്ത് നേരായ മാർഗ്ഗത്തിലായിരുന്നു. കഅ്ബയുടെ റബ്ബ് തന്നെയാണ് സത്യം."[12]

ഇബ്നു മസ്ഊദ് ﵁ പറഞ്ഞു :

"നിങ്ങൾ ആദ്യത്തെ സന്മാർഗ്ഗത്തെ മുറുകെ പിടിക്കുക."[13]

അദ്ദേഹം ﵁ തന്നെ പറഞ്ഞു :

"നിങ്ങൾ പിൻപറ്റിക്കൊള്ളുക. നിങ്ങൾ ബിദ്അത്തുകൾ ഉണ്ടാക്കരുത്.
തീർച്ചയായും നിങ്ങൾക്ക് മതിയായത് നൽകപ്പെട്ടിരിക്കുന്നു. എല്ലാ
ബിദ്അത്തും വഴികേടിലാണ്."[14]

ഈ സ്വഹാബത്തിനെ കുറിച്ചാണ് അല്ലാഹു ﷻ പറഞ്ഞത് :

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ

"ജനങ്ങൾക്ക് വേണ്ടി പുറത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാണ്
നിങ്ങൾ." (ആലു ഇംറാൻ : 110)

റസൂൽ ﷺ അവരെക്കുറിച്ച് പറഞ്ഞു :

خَيْرُ النَّاسِ قَرْنِي

"ഏറ്റവും നല്ല ജനത എന്റെ തലമുറയാണ്."[15]

ഈ സ്വഹാബത്തോ അവരെ നന്മയിൽ പിൻതുടർന്നവരോ ഈ മൗലീദ് ചെയ്യുകയോ കൊണ്ടാടുകയോ ചെയ്തിട്ടില്ല. അവരാണ് റസൂലിനോട് ഏറ്റവും കൂടുതൽ സ്നേഹമുള്ളവർ. റസൂലിന്റെ സുന്നത്ത് നടപ്പിലാക്കാൻ ഏറ്റവും ആഗ്രഹമുള്ളവർ. ബിദ്അത്തുകളിൽ നിന്നും മറ്റു തിന്മകളിൽ നിന്നും ഏറ്റവും അകന്നവർ.

---

12. അബൂ നുഐം 'ഹിൽയത്തുൽ ഔലിയാഅ്' എന്ന ഗ്രന്ഥത്തിൽ
13. മർവസി 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ
14. ദാരിമി
15. ബുഖാരി

ഇമാം മാലിക് رحمه الله പറഞ്ഞു :

لن يصلح آخر هذه الامة إلا بما صلح به أولها [16]

"ഈ ഉമ്മത്തിലെ ആദ്യത്തെ ആളുകൾ നന്നായത് കൊണ്ടല്ലാതെ അവസാനത്തെ ആളുകൾ നന്നാവുകയില്ല."

എത്ര നല്ല വാചകമാണിത് :

" كل خير في اتباع من سلف

وكل شر في ابتداع من خلف "

"എല്ലാ നന്മയും (സലഫുകളെ) സച്ചരിതരായ മുൻഗാമികളെ പിൻപറ്റുന്നതിലാണ്. എല്ലാ തിന്മയും (ഖലഫ്) പിൻഗാമികളുടെ ബിദ്അത്തുകളിലാണ്."

അല്ലാഹു سبحانه وتعالى പറഞ്ഞു :

وَأَنَّ هَٰذَا صِرَٰطِي مُسْتَقِيمًا فَٱتَّبِعُوهُ ۖ وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ ﴿١٥٣﴾ الأنعام : ١٥٣

"ഇതത്രെ നേരായ പാത. നിങ്ങൾ അത് പിൻതുടരുക. അറ്റു മാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗ്ഗത്തിൽ നിന്ന് നിങ്ങളെ ചിതറിക്കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണ്." (അൻആം : 153 )

ചിലപ്പോൾ അവർ പറഞ്ഞേക്കാം : ഈ മൗലീദ് ചെയ്യുന്ന ആളുകളുടെ ഉദ്ദേശം നല്ലതാണ്. അവർ ഇതിലൂടെ അല്ലാഹുവിന്റെ തൃപ്തിയും റസൂലിനോടുള്ള സ്നേഹ പ്രകടനവും മാത്രമാണ് ഉദ്ദേശിക്കുന്നത്.

---

16. 'അൽ ശിഫ' എന്ന ഗ്രന്ഥത്തിൽ ഇമാം ഖാളി ഇയാള് അദ്ദേഹത്തിൽ നിന്ന് ഉദ്ധരിച്ചു.

ഇതിനുള്ള മറുപടി നല്ല ഉദ്ദേശം, റസൂലിന്റെ സുന്നത്തിനോട് യോജിച്ച് വരുക എന്നുള്ളത് അനിവാര്യമാണ്.

സ്വഹാബത്തിൽപെട്ട ഒരാൾ, റസൂൽ ﷺ പെരുന്നാൾ നമസ്കാരത്തിൽ നിന്ന് വിരമിച്ച ഉടനെ മാംസം കഴിക്കണമെന്ന ആഗ്രഹത്തോടു കൂടി നമസ്കാരത്തിന്റെ മുമ്പു തന്നെ ബലി മൃഗത്തെ അറുത്തപ്പോൾ നബി ﷺ അയാളോട് പറഞ്ഞു :

" شَاتُكَ شَاةُ لَحْمٍ " [17]

"നിന്റെ ആട് കേവലം മാംസത്തിനുള്ള ആടു മാത്രമാണ്."

അഥവാ ഉളുഹിയത്തായി പരിഗണിക്കപ്പെടുകയില്ല. കാരണം അത് സുന്നത്തിനെതിരാണ്. അപ്പോൾ ഇവിടെ സുന്നത്തിനോട് യോജിച്ചില്ല എന്നതു കൊണ്ട് അയാളുടെ സദുദ്ദേശം അയാൾക്ക് ഉപകാരം ചെയ്തില്ല.

ഇബ്നു മസ്ഊദ് ﵁ പള്ളിയിൽ പ്രവേശിച്ചപ്പോൾ അവിടെ ഹൽക്കകളായി നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്ന ഒരു വിഭാഗം ആളുകളെ കണ്ടു. എല്ലാ ഓരോ ഹൽക്കകളിലും ഒരാൾ ഇപ്രകാരം പറയുന്നുണ്ട്. നിങ്ങൾ നൂറു പ്രാവശ്യം തക്ബീർ ചൊല്ലുക. അപ്പോൾ എല്ലാവരും തക്ബീർ ചൊല്ലും. പിന്നീട് അയാൾ പറയും നൂറു പ്രാവശ്യം لا إله إلاّ الله പറയുക. അപ്പോൾ അവർ لا إله إلاّ الله പറയും. ശേഷം ഇയാൾ പറയും നൂറു പ്രാവശ്യം തസ്ബീഹ് ചൊല്ലുക. അപ്പോൾ അവർ سبحان الله ചൊല്ലും. ഇതു കണ്ടപ്പോൾ ഇബ്നു മസ്ഊദ് ﵁ അവരോട് പറഞ്ഞു : എന്താണ് നിങ്ങൾ ഈ ചെയ്യുന്നതായി ഞാൻ കാണുന്നത്?

അവർ പറഞ്ഞു : അബൂ അബ്ദിർറഹ്മാൻ, ഞങ്ങൾ ഈ കല്ലു കൊണ്ട് തക്ബീറും തഹ്ലീലും തസ്ബീഹും എണ്ണുകയാണ്.

അദ്ദേഹം പറഞ്ഞു : നിങ്ങൾ നിങ്ങളുടെ പാപങ്ങൾ എണ്ണിക്കൊള്ളുക!

മുഹമ്മദ് നബിയുടെ ഉമ്മത്തേ, നിങ്ങൾക്ക് നാശം!. നിങ്ങൾ റസൂലിന്റെ മാർഗ്ഗത്തേക്കാൾ നല്ല മാർഗ്ഗത്തിൽ ആണെന്നാണോ അതോ വഴികേടിന്റെ വാതിൽ തുറക്കുകയാണോ...?

---

17. ബുഖാരി, മുസ്ലിം

അവർ പറഞ്ഞു : അല്ലാഹുവാണ് സത്യം. *ഞങ്ങൾ നന്മയല്ലാതെ ഉദ്ദേശിച്ചിട്ടില്ല.*

*ഇബ്നു മസ്ഊദ് ﷺ പറഞ്ഞു : എത്ര നന്മ ഉദ്ദേശിക്കുന്ന ആളുകളാണ് അത് നേടാതെ പോകുന്നത്.*[18]

മൗലീദ് എന്ന ബിദ്അത്ത് അനുവദനീയമായി കാണുന്നവരിൽ ചിലർ അതിനെ തെളിവായി കൊണ്ട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്.;

*കുരിശിന്റെ ആളുകൾ (ക്രിസ്ത്യാനികൾ) അവരുടെ നബിയുടെ ജന്മദിനം വലിയ ആഘോഷമാക്കിയിട്ടുണ്ടെങ്കിൽ മുസ്‌ലിംകളാണ് ആദരിക്കാൻ ഏറ്റവും അർഹതയുള്ളവരും ഏറ്റവും കൂടുതൽ യോഗ്യതയുള്ളവരും.*[19]

ഇതിലൂടെ മൗലീദ് ആഘോഷിക്കുക എന്നത്, മസീഹ് ഈസാ عليه السلام ന്റെ ജന്മദിനം ആഘോഷമാക്കിയ കാര്യത്തിൽ നസ്രാണികളോട് സാദൃശ്യപ്പെടലാണ് എന്നത് അവർ തന്നെ സമ്മതിക്കുകയാണ്.

നബി ﷺ പറഞ്ഞത് ഇതിലൂടെ സത്യമായി പുലരുകയാണ്.

" لَتَتَّبِعُنَّ سَنَنَ مَنْ كَانَ قَبْلَكُمْ شِبْرًا بِشِبْرٍ، وَذِرَاعًا بِذِرَاعٍ، حَتَّى لَوْ دَخَلُوا جُحْرَ ضَبٍّ لَدَخَلْتُمُوهُ ".

“നിങ്ങൾ നിങ്ങൾക്ക് മുമ്പുള്ളവരുടെ മാർഗ്ഗം ചാണിനു ചാണായും മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യും. അവർ ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ നിങ്ങളും അതിൽ പ്രവേശിക്കുക തന്നെ ചെയ്യും.”[20]

അപ്പോൾ മൗലീദാഘോഷിക്കുന്നത് ക്രിസ്ത്യാനികളോടുള്ള സാദൃശ്യപ്പെടലാണ് എന്നതിന്, അതിനെ അനുകൂലിക്കുന്നവരുടെ വാചകം തന്നെ തെളിവാണ്. നബി ﷺ പറഞ്ഞിട്ടുണ്ട് :

" مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ "

---

18. ദാരിമി, ശൈഖ് അൽബാനി സ്വഹീഹാണെന്ന് വിധിച്ചു.
19. സഹാവി തന്റെ ‘അത്തിബ്റുൽ മസ്ബൂക്’ എന്ന ഗ്രന്ഥത്തിൽ
20. ബുഖാരി, മുസ്‌ലിം

“ആരെങ്കിലും ഒരു വിഭാഗത്തോട് സാദൃശ്യപ്പെട്ടാൽ അവൻ അവരിൽ പെട്ടവനാണ്.”[21]

അതുകൊണ്ട് ഇത്തരം ബിദ്അത്തുകളിൽ വീണു പോകുന്നതിൽ നിന്നും വഞ്ചിതരാകുന്നതിൽ നിന്നും നാം താക്കീത് ചെയ്യുകയാണ് !

അല്ലാഹു ﷻ പറയുന്നു :

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾ النور : ٦٣

“ആകയാൽ അദ്ദേഹത്തിന്റെ (റസൂലിന്റെ) കൽപനക്ക് എതിര് പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.”(നൂർ:63)

وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين ...

---

21. അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് വിധിച്ചു.